**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 29/08/2026

1) ഒന്നാം വിള ( വിരിപ്പ് ) വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതിയുടെ ഭാഗമായി സപ്ലൈക്കോ കർഷകരിൽ നിന്ന് ഓൺലൈൻ അപേക്ഷ ക്ഷണിച്ചു. 2026 ഡിസംബർ 31 നകം കൊയ്ത്ത് പൂർത്തിയാകുന്ന എല്ലാ കർഷകരും സെപ്റ്റംബർ 30 നകം രജിസ്ട്രേഷൻ പൂർത്തിയാക്കണം. നേരിട്ടോ അക്ഷയ കേന്ദ്രങ്ങൾ വഴിയോ www.supplycopaddy.in എന്ന വെബ് സൈറ്റിലൂടെയോ അപേക്ഷ സമർപ്പിക്കാം. ഓരോ പാട ശേഖരത്തിനും, നെല്ലിനത്തിനും, ഭൂമി രീതിക്കും വെവ്വേറേ അപേക്ഷകൾ സമർപ്പിക്കണം.

2) ഓച്ചിറ ക്ഷീരപരിശീലന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ **'സുരക്ഷിതമായ പാലുൽപ്പാദനം'** എന്ന വിഷയത്തിൽ **സെപ്റ്റംബർ** 2, 3 തീയതികളിലായി പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ള ക്ഷീരകർഷകർ ഓച്ചിറ ക്ഷീരപരിശീലന കേന്ദ്രം, ഡയറി എക്സ്റ്റൻഷൻ ഓഫീസർമാർ, ബന്ധപ്പെട്ട ബ്ലോക്ക് ക്ഷീരവികസന ഓഫീസർമാർ എന്നിവർ മുഖേന 2026 **സെപ്റ്റംബർ 1 വൈകിട്ട് 5 മണിക്ക് മുമ്പായി** രജിസ്റ്റർ ചെയ്യണം. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് ഉൾപ്പെടെയുള്ള ആവശ്യമായ രേഖകൾ ഹാജരാക്കണം. **രജിസ്ട്രേഷൻ ഫീസ്** 20 രൂപയാണ്. കഴിഞ്ഞ മൂന്ന് വർഷങ്ങളിലേതെങ്കിലും സമാന പരിശീലനത്തിൽ ഓഫ്‌ലൈനായി പങ്കെടുത്തിട്ടുള്ളവർക്ക് ഈ പരിശീലനത്തിൽ പങ്കെടുക്കാൻ അർഹതയുണ്ടാകില്ല. കൂടുതൽ വിവരങ്ങൾക്ക് 8089391209, 0476-2698550 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

3) 2026-27 സാമ്പത്തിക വർഷം ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന മത്സ്യ തൊഴിലാളികളുടെ ഭവന പുനരുദ്ധാരണ പദ്ധതിയ്ക്ക് അപേക്ഷ ക്ഷണിച്ചു. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത് (എഫ് ഐ എം എസ്) ഐഡന്റിഫിക്കേഷൻ നമ്പർ ലഭിച്ചിട്ടുള്ളതും ലൈഫ് ഭവന പദ്ധതി മുഖേനയോ, സർക്കാരിന്റെ

മറ്റേതെങ്കിലും ഭവന പുനരുദ്ധാരണ/പുനർ നിർമ്മാണ പദ്ധതി മുഖേനയോ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ആനുകൂല്യം ലഭിക്കാത്തതുമായ മത്സ്യത്തൊഴിലാളികൾക്കും പെൻഷണർമാർക്കും അപേക്ഷ സമർപ്പിക്കാവുന്നതാണ് . വീടിന് കുറഞ്ഞത് എട്ട് വർഷത്തെ എങ്കിലും കാലപ്പഴക്കമുണ്ടാകണം. അപേക്ഷ ബന്ധപ്പെട്ട രേഖകൾ സഹിതം ആഗസ്റ്റ് 31 വൈകുന്നേരം അഞ്ച് മണിക്കകം മത്സ്യഭവനിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷാഫോമിനും കൂടുതൽ വിവരങ്ങൾക്കുമായി 0477-2251103 എന്ന ഫോൺ ബന്ധപ്പെടുക.

4. 2026-27 സാമ്പത്തിക വർഷം സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ, കേരള **മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (എം.ഐ.ഡി.എച്ച്) പദ്ധതിയിൽ** ഉൾപ്പെടുത്തി വിളവിസ്തൃതി വ്യാപനം/പുതിയ കൃഷിത്തോട്ടം സ്ഥാപിക്കലിന്റെ ഭാഗമായി വിവിധ ഹോർട്ടിക്കൾച്ചർ വിളകളുടെ വിസ്തൃതി വ്യാപനത്തിനായി ധനസഹായം നൽകുന്നു. ഈ ഘടകത്തിൽ ഒരു ഗുണഭോക്താവിന് പരമാവധി 2 ഹെക്ടറിൽ കൃഷി ചെയ്യുന്നതിനാണ് ധനസഹായം നൽകുന്നത്.

a) ഡ്രാഗൺ ഫ്രൂട്ടിന്റെറെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടറൊന്നിന് പദ്ധതി ചെലവിന്റെ 40

ശതമാനമായ 2.70 ലക്ഷം രൂപ രണ്ട് വർഷകാലയളവിലായി ധനസഹായം നൽകുന്നു.

b) സ്ട്രോബറിയുടെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ പരമാവധി 80,000/- രൂപ ധനസഹായം നൽകുന്നു.

c) പാഷൻ ഫ്രൂട്ടിന്റെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ പരമാവധി 1,10,000/- രൂപ ധനസഹായം 60:40 എന്ന അനുപാതത്തിൽ രണ്ട് വർഷങ്ങളിലായി നൽകുന്നു.

d) വാഴയുടെയും കൈതചക്കയുടെയും പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 44,000 രൂപ 60:40 എന്ന അനുപാതത്തിൽ രണ്ടു തവണകളായി ധനസഹായം നൽകുന്നു.

e) ടിഷ്യുകൾച്ചർ വാഴയുടെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 70,000 രൂപ 60:40 എന്ന അനുപാതത്തിൽ രണ്ടു തവണകളായി ധനസഹായം നൽകുന്നു.

f) പപ്പായയുടെ പുതിയ കൃഷി തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായമായ 30,000 രൂപ 60:40 എന്ന അനുപാതത്തിൽ രണ്ടു വർഷങ്ങളിലായി 80 % അതിജീവന നിരക്കിന് വിധേയമായി നൽകുന്നു.

g) അവാക്കാഡോ, റംബൂട്ടാൻ, മാംഗോസ്റ്റീൻ, എന്നീ ഫലവർഗ്ഗ വിളകളുടെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുവാൻ മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 50,000/- രൂപ 60:40 എന്ന അനുപാദത്തിലും, 80% അതിജീവന നിരക്കിന് വിധേയമായി, പപ്പായ, പ്ലാവ്, കുടംമ്പുളി എന്നി ഫലവർഗ്ഗ വിളകളുടെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുവാൻ മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 30,000/- രൂപ 60:40 എന്ന അനുപാദത്തിലും, 80ശതമാനമായ അതിജീവന നിരക്കിന് വിധേയമായി, മാവ്, പേര, നാരകം, മാതളം എന്നീ ഫലവർഗ്ഗ വിളകളുടെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുവാൻ മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 50,000/- രൂപ 60:40 എന്ന അനുപാദത്തിലും രണ്ടു വർഷങ്ങളിലായി 80% അതിജീവന നിരക്കിന് വിധേയമായി ധനസഹായം നൽകുന്നു.

h) മാവ്, പേര, നാരകം, മാതളം എന്നീ ഫലവർഗ്ഗ വിളകളുടെ അതി സാന്ദ്രതാ കൃഷിക്കായി നടീൽ വസ്തുക്കൾക്കും മറ്റ് ഉത്പാദനോപാദികൾക്കും വേണ്ടിയുള്ള ചെലവ് കണക്കിലെടുത്ത് 2 ഹെക്ടർ വരെയുള്ള സ്ഥലത്ത് 60:40 എന്ന നിരക്കിൽ 2 ഗഡുക്കളായി ലഭിക്കും.

i) അത്യുത്പാദന ശേഷിയുള്ള സങ്കരയിനം പച്ചക്കറികൾ കൃഷി ചെയ്യുന്നതിനായി ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 24,000/- രൂപ ധനസഹായം നൽകും.

j) ഓപ്പൺ പോളിനേറ്റഡ് ഉള്ളിയുടേയും വെളുത്തുള്ളിയുടേയും കൃഷിക്കായി 2 ഹെക്ടർ വരെയുള്ള സമതല പ്രദേശങ്ങൾക്ക് പരമാവധി 40000 രൂപ വരെ ഒറ്റ ഗഡുവായി ലഭിക്കും.

k) കട്ട്ഫ്ളവർ (ഓർക്കിഡ്, ആന്തൂറിയം മുതലായ ) കൃഷിയ്ക്ക് ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 50,000/- രൂപയും, ലൂസ് ഫ്ളവർ കൃഷിയ്ക്ക് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 20,000/-രൂപയും ധനസഹായം നൽകുന്നു.

l) ഇഞ്ചി, മഞ്ഞൾ എന്നിവയുടെ കൃഷിയ്ക്ക് ഹെക്ടറൊന്നിന് പദ്ധതി ചെലവിന്റെ 40 ശതമാനമായ 40,000/- രൂപയും, കുരുമുളക്,

ജാതി മുതലായ ബഹു വർഷ സുഗന്ധ വിളകൾക്ക് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 40,000/-രൂപയും ധനസഹായം നൽകുന്നു.

m) കൃഷി ചെലവ് കൂടിയ വെറ്റില, റോസ്, റോസ് മേരി, ട്യൂബറോസ്, ജെറേനിയം, ചന്ദനം, മുല്ല മുതലായവ സുഗന്ധ തൈല വിളകളുടെ കൃഷിയ്ക്ക് 2 ഹെക്ടർ വരെയുള്ള സമതല പ്രദേശങ്ങൾക്ക് ഹെക്ടറിന് മൊത്തം പദ്ധതി ചിലവായ 1.25 ലക്ഷം രൂപയുടെ 40% എന്ന കണക്കിൽ ധനസഹായം നൽകുന്നു. മറ്റ് സുഗന്ധതൈലവിളകൾ കൃഷി ചെയ്യുന്നതിന് ഹെക്ടറൊന്നിന് പദ്ധതി ചെലവിന്റെ 40 ശതമാനമായ 20,000/-രൂപ ധനസഹായം നൽകും.

n) ഔഷധ സസ്യ വിളകളുടെ കൃഷിക്കായി 2 ഹെക്ടർ വരെ, ഹെക്ടറിന് മൊത്തം പദ്ധതി ചിലവായ 1.5 ലക്ഷം രൂപയുടെ 40% സഹായം പരമാവധി 60,000/-രൂപ, **നടീൽ വസ്തുക്കളുടെ ചെലവ്** വഹിക്കുന്നതിനായി ലഭിക്കും.

o) കശുമാവ്, കൊക്കോ എന്നീ തോട്ടവിളകൾ ഇടവിളയായി കൃഷി ചെയ്യുന്നതിന് ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 20,000 രൂപ 60:40 എന്ന അനുപാതത്തിൽ 80%

അതിജീവന നിരക്കിന് വിധേയമായി രണ്ട് വർഷങ്ങളിലായി നൽകുന്നു.

മേൽ ആനുകുല്ല്യങ്ങൾ എല്ലാം തന്നെ അതാത ജില്ലയിലെ ജില്ല ഹോർട്ടികൾച്ചർ മീഷൻ മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. ഇതിനായി അപേക്ഷകർ അതാത് കൃഷി ഭവനുമായി ബന്ധപ്പെടേണ്ടതാണ്.